# യു.എസ്.എസ്. മോഡൽ പരീക്ഷ 2014 – 2015

## പേപ്പർ – 1 : ഒന്നാം ഭാഷ & ഗണിതം

ആകെ സ്കോർ : 45

ആകെ സമയം : 90 മിനിട്ട്
സമാശ്വാസ സമയം : 15 മിനിട്ട്

## മാതൃകാ ചോദ്യങ്ങൾ

## പാർട്ട് എ : മലയാളം (ഭാഗം 1)

1. താഴെ കൊടുത്തിരിക്കുന്ന കൃതികളുടെ രചനാകാലത്തിനനുസരിച്ച് പഴയതിൽ നിന്നും പുതിയതിലേക്ക് ശരിയായ ക്രമീകരണം ഏത് ?

a) ഉമ്മാച്ചു, ഇന്ദുലേഖ, വേരുകൾ, ആടുജീവിതം
b) വേരുകൾ, ഉമ്മാച്ചു, ആടുജീവിതം, ഇന്ദുലേഖ
c) ഉമ്മാച്ചു, ഇന്ദുലേഖ, വേരുകൾ, ആടുജീവിതം
d) ഇന്ദുലേഖ, ഉമ്മാച്ചു, വേരുകൾ, ആടുജീവിതം

2. 'ഇവന്നു കൊടി പനി-
നീർ മുള്ളിൽ പടർന്നേറു-
മൊരു കയ്പ വല്ലരി,
വാഹനം കടൽക്കാക്ക
പുലി നേർക്കുമ്പോളോണ-
വില്ലാണ് ദിവ്യായുധം'

ഈ കവിതാഭാഗം ഒരു കവി മറ്റൊരു കവിയെക്കുറിച്ചെഴുതിയതാണ്. ഏതു കവി ? ആരെക്കുറിച്ച് ?

a) ആറ്റൂർ രവിവർമ്മ പി. കുഞ്ഞിരാമനെക്കുറിച്ച്
b) സച്ചിദാനന്ദൻ വൈലോപ്പിള്ളിയെക്കുറിച്ച്
c) സച്ചിദാനന്ദൻ കുമാരനാശാനെക്കുറിച്ച്
b) ഡി.വിനയചന്ദ്രൻ പി.കുഞ്ഞിരാമൻ നായരെക്കുറിച്ച്

3. മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും
കല്ലിനുമുണ്ടൊരു സൗരഭ്യം-

ഈ വരികളോട് ഏറ്റവും യോജിച്ച വാക്യം താഴെ പറയുന്നവയിൽ ഏതാണ് ?

a) മുല്ലപ്പൂമ്പൊടിക്കും കല്ലിനും സൗരഭ്യമുണ്ടാകും
b) മുല്ലപ്പൂമ്പൊടിയുടെ മണം കല്ലിലേക്ക് പരക്കും
c) നല്ലവരോട് കൂട്ടുകൂടുന്നവരും നല്ലവരായി മാറും
d) നന്മയാണ് പുണ്യം

4. താഴെ പറയുന്നവയിൽ ശരിയായി എഴുതിയ പദം ഏത് ?

a) തീയ്യതി
b) കൈയ്യക്ഷരം
c) അങ്ങനെ
d) പ്രസ്ഥാവന

5. ശരിയായ വാക്യമേത് ?

a) ഞാൻ സ്കൂളിൽ വരാത്തതിന് കാരണം പനിയായതുകൊണ്ടാണ്.
b) അയാൾ തീ കൊളുത്തി സ്വയം ആത്മഹത്യ ചെയ്തു.
c) ഈ പുസ്തകം മിനിക്കോ അല്ലെങ്കിൽ രമേശനോ കൊടുക്കണം.
d) ഒരു കുട്ടി മാത്രമേ ഇനി വരാനുള്ളു.

6. വാഴത്തോട്ടം എന്ന പദത്തിന്റെ അർത്ഥം ?

a) വാഴയും തോട്ടവും
b) വാഴകളുടെ തോട്ടം
c) വാഴവെക്കാനുള്ള തോട്ടം
d) വാഴയക്ക് വേണ്ടിയുള്ള തോട്ടം

7. 'കുട്ടിക്കുപ്പായം' പിരിച്ചെഴുതിയാൽ താഴെ കൊടുത്തവയിൽ ഏതായിരിക്കും ശരിയായത് ?

a) കുട്ടി + ക്കുപ്പായം
b) കുടി + കുപ്പായം
c) കുട്ടി + കുപ്പായം
d) കുടി + ക്കുപ്പായം

8. "പൊന്തക്കാടങ്ങിങ്ങ്, വെള്ളാരം കല്ലും
കുന്തിപ്പുഴേ നീ മരിച്ചിരിക്കുന്നു"

ഈ വരികളിലെ പ്രമേയത്തിൽ നിന്ന് വ്യത്യസ്തമായ പ്രമേയം ഉൾക്കൊള്ളുന്ന വരികൾ കണ്ടെത്തുക ?

a) "പുഴ വറ്റി കടവത്തെ തോണി വറ്റി
മണൽപ്പായിലുറങ്ങുവാൻ കിടന്നൊരു നിലാവും വറ്റി".

b) "കളിയും ചിരിയും കരച്ചിലുമായ്
കഴിയും നരനൊരു യന്ത്രമായാൽ

അംബ പേരാറേ നീ മാറിപ്പോമോ
ആകൂലമാമൊരഴുക്കുചാലായ്"

c) "കുട്ടികൾക്ക് കളിക്കാൻ മൈതാനമായി
കവികൾക്കുത്സാഹിക്കാൻ കടലാസായി
മണലുവാരുന്നവരും ഉത്സാഹത്തിലാണ്
മുമ്പവർ വെള്ളത്തിൽ നിന്ന് മണലുവാരി
ഇന്നവർ മണലിൽ നിന്നു മണലുവാരി"

d) "ഓളമില്ലോർമതൻ താളമില്ല
നീരൊഴുക്കിന്റെ തിളക്കമില്ല
പാറപ്പുറത്തു ചെന്നെത്തി നോക്കി
ചാടിത്തിമർക്കാൻ കയങ്ങളില്ല"

9. "തോളത്തു ഘനം തൂങ്ങും വണ്ടിതൻതണ്ടും പേറി
കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുന്നു"
ഇതിന്റെ സമാനതാളമുള്ള വരികൾ കണ്ടെത്തിയെഴുതുക.

a) തണലുണ്ടതിൻ കീഴെ ചാഞ്ഞയവിറക്കിക്കൊ-
ണ്ടടഞ്ഞ കണ്ണോടെ ഞാൻ കിടപ്പൂ, താരാട്ടു പോൽ

b) വെളുത്തചോർ കോരികയിൽ നിറച്ചു പാഞ്ചാലി മെല്ലെ
വിളമ്പിത്തുടങ്ങി ചെറ്റു വിളംബം കൂടാതെതന്നെ

c) സബർമതി നീയിന്നുമൊഴുകുന്നു നിശ്ശബ്ദ-
സഹനത്തിൻ ചുടുകണ്ണീർ പോലെ

d) കാലത്തിനില്ലൊരു കൈവിറ പോലുമെൻ
ചേലയെക്കഷ്ടം നറുനറെച്ചീന്തുവാൻ

10. ഭാർഗവിയമ്മയുടെ രണ്ടാമത്തെ മകൻ അപ്പുക്കുട്ടൻ യുദ്ധത്തിൽ മരിച്ചു. ഭാർഗവിയമ്മക്ക് സർക്കാർ അഞ്ചു ലക്ഷം രൂപ നൽകുമെന്ന് കലക്ടർ പ്രഖ്യാപിച്ചു. ജനം വിസ്മയസ്തബ്ധരായി. അവർക്ക് തന്റെ ആവശ്യങ്ങൾക്കായി ആ തുക ഉപയോഗിക്കാം. ഓലപ്പുര ഓടിട്ട പുരയാക്കാം. അല്ലെങ്കിൽ ടെറസ്സിട്ട വീട്. പെൺകുട്ടിയെ കെട്ടിച്ചു കൊടുക്കാം. ബാക്കിയുള്ള പണം സഹകരണബാങ്കിൽ നിക്ഷേപിക്കാം.

ഭാർഗവിയമ്മ മാത്രം പറഞ്ഞു : "എനിക്ക് അഞ്ചു ലക്ഷം വേണ്ട. എന്റെ കുട്ട്യേ മടക്കിത്തന്നാ മതി".
ഇതിന തലക്കെട്ടായി കൊടുക്കാവുന്ന ഏറ്റവും ഉചിതമായത് കണ്ടെത്തുക.

a) ആകാശക്കോട്ട
b) കണ്ണിലുണ്ണി
c) ഓർക്കാപ്പുറത്ത് ഓണം
d) കണ്ണുകടി

11. "പൊന്നു പുലരിയുണർന്നെണീറ്റും
ചെന്നുകിഴക്കു തീ പൂട്ടിടുമ്പോൾ
<u>കാളുന്ന മാനത്ത് നാളികേര</u>
<u>പ്പൂളൊന്നു വാടിക്കിടന്നിടുമ്പോൾ"</u>
അടിവരയിട്ട വരികൾ സൂചിപ്പിക്കുന്നതെന്ത് ?

a) മേഘപാളികൾക്കിടയിൽ മറയുന്ന ചന്ദ്രക്കല
b) ഉദിച്ചുയരുന്ന ചന്ദ്രക്കല
c) പുലരിവെളിച്ചത്തിൽ മങ്ങിത്തുടങ്ങിയ ചന്ദ്രക്കല
d) നിലാവു പൊഴിക്കുന്ന ചന്ദ്രൻ

12. തളം കെട്ടികറുത്ത് കട്ടപിടിച്ചു കിടക്കുന്ന ചോരപ്പാടുകളിൽ ഉറുമ്പരിക്കുന്നു. ചത്തുമലച്ച പെക്കാച്ചിത്തവളകളെപ്പോലെ തലകീഴായി മറിഞ്ഞു വീണ ജീപ്പും കാറും. അപ്പുറത്ത് മരച്ചുവട്ടിൽ അലമുറയിട്ടു കരയുന്ന ഒരമ്മയും കുഞ്ഞും. സൈറൺമുഴക്കി ആമ്പുലൻസ് ചീറിപ്പാഞ്ഞെത്തിയപ്പോൾ തേനീച്ചക്കൂട്ടംപോലെ ആളുകൾ അതിനെ പൊതിഞ്ഞു.
ഈ ഖണ്ഡികയുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത പ്രസ്താവനകളിൽ ഏറ്റവും ഉചിതമായത് ഏത് ?

a) ഇതൊരു പത്രവാർത്തയുടെ ഭാഗമാണ്
b) ഇതൊരു ഫോട്ടോയുടെ അടിക്കുറിപ്പാണ്
c) ഇതൊരു വർണനയാണ്
d) ഇതൊരു വിവരണക്കുറിപ്പാണ്.

13. ശരിയായ കഥാപാത്രജോഡി കണ്ടെത്തുക.

a) ബീരാൻ - മായൻ
b) അപ്പുക്കിളി - കുഞ്ഞുണ്ണി
c) ഇന്ദുലേഖ - അനന്തപത്മനാഭൻ
d) ഓമഞ്ചി - ആനവാരി

14. കൂട്ടത്തിൽ പെടാത്തത് ഏത് ?

a) മിന്നുന്നതെല്ലാം പൊന്നല്ല
b) അഴകുള്ള ചക്കയിൽ ചുളയില്ല
c) വെളുക്കാൻ തേച്ചത് പാണ്ടായി
d) കുരയ്ക്കും പട്ടി കടിക്കില്ല.

15. "താഴത്തേക്കെന്തിത്ര സൂക്ഷിച്ചുനോക്കുന്നു
താരകളേ നിങ്ങൾ നിശ്ചലരായ്
നിങ്ങൾതൻ കൂട്ടത്തിൽ നിന്നിപ്പോഴാരാനും
ഭംഗമാർന്നൂഴിയിൽ വീണുപോയോ"
പ്രസിദ്ധമായ ഒരു കാവ്യം തുടങ്ങുന്നത് ഇങ്ങിനെയാണ്. ഏതാണത് ?

a) കരുണ
b) കർണഭൂഷണം
c) സൂര്യകാന്തി
d) മഗ്ദലനമറിയം

## പാർട്ട് ബി : മലയാളം (ഭാഗം 2)

***16 മുതൽ 30 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ഉത്തരമെഴുതുക.***

16. താഴെ പറയുന്നവയിൽ യാത്രവിവരണം അല്ലാത്ത കൃതിയേത് ?

a) നൈൽഡയറി
b) ഒരു തെരുവിന്റെ കഥ
c) പാതിരാ സൂര്യന്റെ നാട്ടിൽ
d) ബാലിദ്വീപ്

17. 'രണ്ടാമൂഴം' ആരുടെ കൃതിയാണ് ?

a) തകഴി
b) ഉറൂബ്
c) എം.ടി.വാസുദേവൻ നായർ
d) ഒ.വി. വിജയൻ

***താഴെക്കൊടുത്ത ഗദ്യഭാഗം ശ്രദ്ധാപൂർവ്വം വായിച്ചതിനുശേഷം 3 മുതൽ 7 വരെ ചോദ്യങ്ങളുടെ ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.***

ഞായറാഴ്ചയായതുകൊണ്ട് അന്നു മുഴുവൻ കോലായിലിരുന്ന് ഒരു കല്ല് ചെത്തിമിനുക്കുകയായിരുന്നു എന്റെ കൊച്ചു മകൻ. ഇടയ്ക്ക് ഊണോ ചായയോ കഴിക്കാൻ വിളിച്ചാൽ മാത്രം ഓടി വരും; വീണ്ടും പോയി പണി തുടങ്ങും. അന്തിക്കാറ്റു വീശിയപ്പോൾ അവൻ അതെന്റെ മുന്നിൽ മേശമേൽ കൊണ്ടു വന്നു വെച്ചു. ചുവന്ന ഒരു ചെറുതോണി. ഞാനെടുത്തു തടവി നോക്കി. എന്തൊരു മിനുസം! നല്ല വടിവും. ഒരു പരുക്കൻ കല്ലിലെ സൗന്ദര്യവും ലാളിത്യവും തേടിപ്പിടിച്ച് വെളിപ്പെടുത്താൻ ആ ഇളം കൈകൾക്കു സാധിച്ചിരിക്കുന്നു. എട്ടൊമ്പതു മണിക്കൂറോളം ഏകാഗ്രമായി നിന്ന ശ്രദ്ധ അവനതിനെ എത്രമാത്രം പ്രിയപ്പെട്ടതാക്കിയിരിക്കുമെന്നോർത്തപ്പോൾ ആ കളിപ്പാട്ടത്തോടെനിക്ക് വാത്സല്യം തോന്നി. കുട്ടികളുടെ ഇത്തരം കൈകവേലകളാണ് ഒരു വീടിന് ഏറ്റവും നല്ല അലങ്കാരവസ്തുക്കൾ. മോഹവില കൊടുത്തു വാങ്ങുന്ന മേത്തരം കലാശില്പങ്ങൾക്ക് ഇവയുടെ വൈകാരിക വശ്യതയെവിടെ ? നിർമ്മാതാക്കൾ വളർന്ന് തങ്ങൾക്ക് ശ്രദ്ധയൂന്നാൻ കഴിയാത്ത തൊഴിലുകളിലേർപ്പെടുമ്പോഴും, പൂവിരിയും നാളുകളിലെ ആ സാന്ദ്രസൗരഭ്യത്തെ ഇവ മനസ്സിന്നനുഭവപ്പെടുത്തുന്നു.

ഇഷ്ടംപോലെ മനസ്സിനെ ഏകാഗ്രീകരിക്കാനാവാത്തതു കൊണ്ടാണ് വിദ്യാഭ്യാസത്തിന് ഏറെക്കാലം വേണ്ടിവരുന്നതെന്നും, കുട്ടികളെ ആദ്യമായി ഏകാഗ്രത ശീലിപ്പിക്കണമെന്നും വിവേകാനന്ദൻ പറയുന്നുണ്ട്. ഏകാഗ്രതയ്ക്കുള്ള കഴിവ് കുട്ടികളിൽ കൂടുതലാണുതാനും. നന്നെ ചെറിയതാണല്ലോ അവരുടെ അനുഭൂതിമണ്ഡലം. പക്ഷേ സ്വമേധയാ ചെയ്യുന്ന ഒരു പ്രവൃത്തിയിലെന്നപോലെ തന്നിൽ നിർബന്ധപൂർവ്വം ചുമത്തപ്പെടുന്നതിൽ ശ്രദ്ധവെയ്ക്കാൻ അവർക്കു കഴിയാതെ വരുന്നു. എന്തിനെന്നറിയാത്ത ഇളം പ്രായത്തിൽ തന്നെ സ്കൂളിൽ ചേർക്കുന്നതും അച്ചടക്കത്തിന്റെ പേരിൽ അവിടെ നേരിടേണ്ടി വരുന്ന കയ്പുറ്റ അനുഭവങ്ങളും വിദ്യാഭ്യാസത്തിനു കൗതുകം വളർത്താനല്ല വെറുപ്പുണ്ടാക്കാനാണ് ഉതകാറ്. കൊച്ചുകുട്ടികൾക്കു മറ്റു കുട്ടികളുമായി കളിക്കാനും വീട്ടിലെ മുതിർന്നവരുമായി പെരുമാറാനും ധാരാളം സമയം നൽകുകയും അങ്ങിനെ വിവിധ വിഷയങ്ങളിൽ ജിജ്ഞാസ വളർത്തുകയുമാണ് നല്ലത്. തങ്ങളുടെ ചോദ്യങ്ങൾക്കെല്ലാം ഉത്തരം കണ്ടെത്താൻ കഴിയുന്ന ഒരു സ്ഥാപനമെന്ന നിലയിലാവണം വിദ്യാലയത്തെക്കുറിച്ചുള്ള അവരുടെ ആദ്യ സങ്കൽപ്പം. സ്കൂൾ വിദ്യാഭ്യാസം ഒരു സാമൂഹ്യ കാര്യമാണ്. അതിനു തനതായ പരിമിതികളുണ്ട്. ഓരോ വ്യക്തിക്കും തനിക്കഭിരുചി തോന്നുന്ന വിഷയം മാത്രം പഠിക്കാനുള്ള സാഹചര്യം അവിടെയില്ല. ഉണ്ടാകുന്നതും ഉചിതമല്ല. ആദികാലം മുതൽക്കിന്നോളം മനുഷ്യൻ നേടിവെച്ച വിജ്ഞാനത്തിന്റെ ഒരു രത്നച്ചുരുക്കം ഓരോ കുട്ടിയുടേയും ജന്മാവകാശമാണ്. അതെടുത്തുപയോഗിക്കാൻ അവനു കഴിയണം. ഈ ഉദ്ദേശ്യത്തിനുതകത്തക്കവിധം ക്രമീകൃതമായൊരു പാഠ്യപദ്ധതിയാണിന്നത്തേത്. ന്യൂനതകളുണ്ടാവാമെങ്കിലും അതൊരു പരാജയമല്ല. വിജ്ഞാനത്തിന്റെ ഏതു പാഠ്യവിഷയത്തിനും ശ്രദ്ധയൂന്നാനുള്ള കഴിവ് കുട്ടികളിലുണ്ടാക്കുന്നതെങ്ങിനെയെന്നതാണ് വിദ്യാഭ്യാസത്തിലെ പ്രധാന പ്രശ്നം.

18. കുട്ടികളുടെ കൈവേലകളാണ് വീടിന് ഏറ്റവും നല്ല അലങ്കാര വസ്തുക്കൾ. എന്നു പറയാൻ കാരണമെന്ത് ?

a) എട്ടൊമ്പതു മണിക്കൂർ ഏകാഗ്രമായി ശ്രദ്ധിച്ച് നിർമ്മിച്ചതായതിനാൽ
b) മോഹവില കൊടുത്തു വാങ്ങുന്നവയ്ക്ക് ഇവയുടെ വൈകാരിക വശ്യതയില്ലാത്തതിനാൽ
c) അവയോടു വാത്സല്യം തോന്നാത്തതിനാൽ
d) അവയ്ക്ക് മോഹവില കൊടുക്കേണ്ടാത്തതിനാൽ

19. ‘ഏകാഗ്രതയ്ക്കുള്ള കഴിവ് കുട്ടികളിൽ കൂടുതലാണുതാനും’ - തന്നിട്ടുള്ള ഭാഗത്ത് ഇതിനുള്ള തെളിവെന്താണ്?
a) കല്ല് ചെത്തിമിനുക്കി മനോഹരമായ തോണിയുണ്ടാക്കിയത്.
b) എട്ടൊമ്പതു മണിക്കൂർ തുടർച്ചയായി പരിശ്രമിച്ച് തോണിയുണ്ടാക്കിയത്.
c) കല്ലിലെ സൗന്ദര്യവും ലാളിത്യവും തേടിപ്പിടിച്ച് വെളിപ്പെടുത്താൻ കഴിഞ്ഞത്.
d) അവൻ പ്രിയപ്പെട്ട വസ്തു നിർമ്മിച്ചത്.

20. സ്കൂൾ വിദ്യാഭ്യാസത്തിന്റെ തനതായ പരിമിതിയായി പറയുന്നത് എന്താണ് ?
a) സ്കൂൾ വിദ്യാഭ്യാസം ഒരു സാമൂഹ്യകാര്യമാണ്
b) ആദികാലം മുതൽക്കിന്നോളം നേടിയ വിജ്ഞാനത്തിന്റെ രത്നച്ചുരുക്കം മാത്രം ലഭിക്കുന്നതിനാൽ
c) അഭിരുചി തോന്നുന്ന വിഷയം മാത്രം പഠിക്കാൻ അവിടെ സാഹചര്യം ഇല്ല.
d) വിജ്ഞാനം എടുത്തുപയോഗിക്കാൻ അവനു കഴിയുന്നില്ല.

21. ‘സ്വമേധയാ ചെയ്യുന്ന ഒരു പ്രവൃത്തിയിലെന്നപോലെ തന്നിൽ നിർബന്ധപൂർവ്വം ചുമത്തിപ്പെടുന്നതിൽ ശ്രദ്ധവെയ്ക്കാൻ അവർക്കു കഴിയാതെ വരുന്നു’ - ഇതിലൂടെ ഉദ്ദേശിക്കുന്നതെന്താണ് ?
a) അടിച്ചേൽപ്പിക്കുന്ന പ്രവൃത്തികൾ കുട്ടികൾ ഇഷ്ടപ്പെടുന്നില്ല.
b) സ്വമേധയാ ചെയ്യുന്ന പ്രവൃത്തികൾ കുട്ടികൾ ശ്രദ്ധവെയ്ക്കാതെ ചെയ്യുന്നു.
c) നിർബന്ധിച്ച് ഏൽപ്പിക്കുന്ന പ്രവൃത്തിയേക്കാൾ തന്നത്താൻ തിരഞ്ഞെടുത്തു ചെയ്യുന്ന പ്രവൃത്തികളാണ് ശ്രദ്ധയോടെ ചെയ്യുക.
d) ഒരു പ്രവൃത്തിയും നിർബന്ധപൂർവ്വം ശ്രദ്ധവെച്ചു ചെയ്യാൻ കഴിയില്ല.

22. നിർമ്മാതാക്കൾ വളർന്ന് തങ്ങൾക്ക് ശ്രദ്ധയൂന്നാൻ കഴിയാത്ത തൊഴിലുകളിലേർപ്പെടുമ്പോഴും പൂവിരിയും നാവുകളിലെ ആ സാന്ദ്രസൗരഭ്യത്തെ ഇവ മനസ്സിലനുഭവപ്പെടുത്തുന്നു - ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് ?
a) ഇഷ്ടമില്ലാത്ത തൊഴിലുകളിൽ ഏർപ്പെടുന്ന പ്രായത്തിലെത്തുമ്പോൾ പൂവിരിഞ്ഞുണ്ടാകുന്ന സൗരഭ്യം മാത്രമാണ് ആശ്വാസകരം.
b) വലുതാകുമ്പോൾ പൂക്കളുടെ സൗരഭ്യം ഏവരും ഇഷ്ടപ്പെടുന്നു.
c) നിർമ്മാതാക്കൾ പലവിധ തൊഴിലുകളിൽ ഏർപ്പെടുമ്പോൾ പൂക്കളുടെ സൗരഭ്യം മനസ്സിൽ അനുഭവപ്പെടുന്നു.
d) ഇഷ്ടമില്ലാത്ത തൊഴിലെടുക്കേണ്ടി വരുന്ന പ്രായമെത്തുമ്പോൾ കുഞ്ഞുനാളിലെ ഇത്തരം പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഓർമ്മ മനസ്സിൽ സൗരഭ്യമുണ്ടാക്കുന്നു.

23. “നിരുപാധികമാം സ്നേഹം
ബലമായി വരും ക്രമാൽ :
ഇതാണഴകി, തേസത്യം,
ഇതു ശീലിക്കൽ ധർമ്മവും”
അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ പ്രസിദ്ധമായി ഈ വരികൾ ഏതു കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ് ?

| | | | |
|---|---|---|---|
| a) | ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം | b) | ഇടിഞ്ഞുപൊളിഞ്ഞ ലോകം |
| c) | ഒരു കുല മുന്തിരിങ്ങ | d) | ദേശ സ്നേഹിക |

24. ഒറ്റപ്പദമാക്കി എഴുതുക.
നാടകത്തിനുള്ള കൊട്ടുക ........................................................

| | | | |
|---|---|---|---|
| a) | നാടകക്കൊട്ടക | b) | നാടകകൊട്ട |
| c) | നാടകം കൊട്ടക | d) | നാടകകേന്ദ്രം |

25. അർത്ഥവ്യത്യാസം കുറിക്കുക.
പരിണാമം - മാറ്റം
പരിമാണം - ................

| | | | |
|---|---|---|---|
| a) | ദീർഘം | b) | ഇളവ് |
| c) | അളവ് | d) | വ്യത്യാസം |

26. ‘സ്പന്ദമാപിനികളെ നന്ദി’ എന്ന കൃതിയുടെ കർത്താവ് ?

| | | | |
|---|---|---|---|
| a) | ഇടശ്ശേരി | b) | അക്കിത്തം |
| c) | സി. രാധാകൃഷ്ണൻ | d) | ബഷീർ |

27. “മർത്ത്യനും മൃഗവുമീ വൃക്ഷവും നക്ഷത്രവും
മട്ടുന്തലൊന്തിൽ കോർക്കപ്പെട്ടുള്ള മണികളാം
ക്ഷിപ്രമിച്ചരാചരമൊന്നായി തളർന്നുപോ-
മിപ്രഞ്ചത്തിൽ നാഡീഞരമ്പറുക്കുകിൽ” - ആരുടെ വരികളാണിത് ?

| | | | |
|---|---|---|---|
| a) | സച്ചിദാനന്ദൻ | b) | പി. രാമചന്ദ്രൻ |
| c) | പി.കുഞ്ഞിരാമൻ നായർ | d) | പുതുശ്ശേരി രാമചന്ദ്രൻ |

28. "പാവയും പീലിയും ചേച്ചിയെ കാണാതെ
പാവം കരയുകിലെന്തു ചെയ്യും?"
ഈ വരികളിൽ തെളിയുന്ന ആശയം ?

a) അനുജന്റെ സ്നേഹം b) അനുജന്റെ നിസാഹയത
c) ചേച്ചിയുടെ ഭാവമയം d) ചേച്ചിയുടെ സ്നേഹം

29. 'സ്നേഹയാചകൻ' എന്നറിയപ്പെടുന്ന കവി ?

a) ഇടശ്ശേരി b) കുമാരനാശാൻ
c) വള്ളത്തോൾ d) ഉള്ളൂർ

30. ഇടശ്ശേരി എഴുതിയ നാടകം ?

a) കൃഷിക്കളം b) കൂട്ടുകൃഷി
c) പൂതപ്പാട്ട് d) പുത്തൻ കലവും അരിവാളും

## പാർട്ട് സി : ഗണിതം

31. ചിത്രത്തിൽ **AB** യുടെ മധ്യബിന്ദുവാണ്




**BD = 5 cm, AC = 13 cm**
**BE = 10 cm**

യുടെ പരപ്പളവ് എത്ര ?

a) 30 ച.സെ.മി. b) 60 ച.സെ.മി.
c) 24 ച.സെ.മി. d) 48 ച.സെ.മി.

32. സമചതുരപ്പെട്ടിയുടെ ആകൃതിയിലുള്ള ഒരു ജലസംഭരണിയുടെ വശങ്ങൾക്കെല്ലാം 2 മീറ്റർവീതം നീളമുണ്ട്. അതിനുള്ളിൽ പകുതിയിൽ അൽപം കൂടുതൽ വെള്ളമുണ്ട്. വശങ്ങളുടെയെല്ലാം നീളം 1 മീറ്ററായ ഒരു സമചതുരക്കട്ട ഈ വെള്ളത്തിൽ മുക്കി വയ്ക്കുന്നു. ടാങ്കിലെ വെള്ളം എത്ര മീറ്റർ ഉയരും ?

a) ½ മീറ്റർ b) ¼ മീറ്റർ
c) ¾ മീറ്റർ d) 1 മീറ്റർ

33. ഒരു സാധനത്തിന് അതിന്റെ യഥാർത്ഥ വിലയേക്കാൾ 10% കൂട്ടി പരസ്യ വിലയിട്ടു. പിന്നീട് 10% ഡിസ്കൗണ്ട് അനുവദിച്ചു. വിറ്റപ്പോൾ 297 രൂപ കിട്ടി. സാധനത്തിന്റെ യാഥാർത്ഥ വില എത്ര ?

a) $\frac{297 \times 100}{90}$ b)

c) d)

34. ചില സംഖ്യകളും അവയെ പ്രത്യേകരീതിയിൽ കോഡ് ചെയ്തപ്പോൾ ലഭിച്ച അക്കങ്ങളും ചുവടെ കൊടുക്കുന്നു. ഈ രീതിയിൽ 486 നെ കോഡ് ചെയ്താൽ ലഭിക്കുന്ന അക്കം എന്ത് ?

367 = 4, 953 = 7, 764 = 7, 486 = ?

a) 9 b)
c) 6 d) ഇവയൊന്നുമല്ല

35.

$$2^2 + 2^2 = 8$$
$$3^2 + 3^2 + 3^2 = 27$$
$$4^2 + 4^2 + 4^2 + 4^2 = 64$$
$$5^2 + 5^2 + 5^2 + 5^2 + 5^2 = 125$$

$50^2 + 50^2 + 50^2 + \ldots\ldots\ldots$ (50 പ്രാവശ്യം) കൂട്ടിയാൽ എത്ര ?

a) $50^{50}$ b) $50^{100}$
c) $50^3$ d) $50^5$

36. $\frac{0.1 \times 0.01 \times 0.001}{0.0001} = ?$

a) 0.01 b) 0.1
c) 0.001 d) 0.0001

37. ചില വാക്കുകളെ ചുവടെ കൊടുത്തിരിക്കുന്ന രീതിയിൽ സംഖ്യകൾ ഉപയോഗിച്ച് കോഡ് ചെയ്തിരിക്കുന്നു. എങ്കിൽ എന്ന വാക്കിന്റെ ശരിയായ കോഡ് ഏത് ?

**DOCTORS = 5487436**

**TEACHERS = 72180236**

**RESEARCH = ?**

a) 32623180 b) 32621380
c) 32632180 d) 32612380

38. $2^8$ നോട് എത്ര കൂട്ടിയാൽ $2^9$ കിട്ടും ?

a) $2^1$ b) $2^8$
c) $2^9$ d) $2^7$

39.

C




ചിത്രത്തിൽ ന്റെ വിലയെത്ര ?

a) $10^0$ b) $45^0$
c) $20^0$ d) $25^0$

40 36 കി.മീ./ മണിക്കൂർ വേഗതയിൽ സഞ്ചരിക്കുന്ന 100 മീറ്റർ നീളമുള്ള ഒരു തീവണ്ടി 60 മീറ്റർ നീളമുള്ള ഒരു പാലം കടക്കുന്നതിന് എത്ര സെക്കന്റ് സമയമെടുക്കും ?

a) 10 b) 16
c) 20 d) 36

41.

**'RESEARCH'**



കോൺ **FET** യുടെ അളവെത്ര ?

a) 110º  b) 70º
c) 45º  d) 25º

42. ഒരു കച്ചവടക്കാരൻ 10 രൂപക്ക് 11 എന്ന നിരക്കിൽ ആപ്പിൾ വാങ്ങി 11 രൂപക്ക് 10 എന്ന നിരക്കിൽ വിൽക്കുന്നു. അയാൾക്ക് ലഭിക്കുന്ന ലാഭ ശതമാനം എത്ര ?

a) 10%  b) 21%
c) 25%  d) 5%

43. ഒരു കുടുംബത്തിന്റെ മാസവരുമാനവും മാസ നീക്കിയിരിപ്പും തമ്മിലുള്ള അംശബന്ധം 9:2 ആണ്. മാസവരുമാനം 5400 രൂപയാണ്. എങ്കിൽ ആ കുടുംബത്തിന്റെ പ്രതിമാസ ചെലവ് എത്ര ?

a) 1200 രൂപ  b) 4860 രൂപ
c) 4200 രൂപ  d) 1080 രൂപ

44. 200 രൂപക്ക് ഒരു മാസം 50 പൈസ പലിശയാണ് ഈടാക്കുന്നതെങ്കിൽ വാർഷിക പലിശ നിരക്ക് എത്ര ?

a) 4  b) 3
c) 6  d) 12

45. ഒരു കോടി =  ആയാൽ **x** = ..........................

a) 5  b) 6
c) 7  d) 8

46. ഒരു ത്രികോണിലെ കോണുകൾ തമ്മിലുള്ള അംശബന്ധം 2 : 3 : 5 ആയാൽ ഏറ്റവും വലിയ കോണിന്റെ അളവ് എത്ര ?

a) $50^0$  b) $60^0$
c) $80^0$  d) $90^0$

47. 120 ന്റെ  ന്റെ എത്ര ശതമാനമാണ് ?

a) 25  b) 50
c) 60  d) 40

48. താഴെ കൊടുത്തിരിക്കുന്നവയിൽ ഒറ്റ സംഖ്യയല്ലാത്തത് ഏത് ?

a) $3^3$  b) $3^3 + 3$
c) $3^3 + 3^2 + 3$  d) $3^{3-3}$

49. ഒരു സ്കൂളിലെ മുഴുവൻ കുട്ടികളും ഹാജരായ ദിവസവും 1-ാം ക്ലാസ്സിലെ കുട്ടികൾക്ക് അവധി കൊടുത്ത ദിവസവും അസംബ്ലിയിൽ വരിയും നിരയും തുല്യമായി സമചതുരാകൃതിയിൽ നിർത്താൻ കഴിഞ്ഞിട്ടുണ്ട്. 1-ാം ക്ലാസ്സിലെ കുട്ടികൾ ഇല്ലാത്ത ദിവസം വരിയിലും നിരയിലും ഓരോ കുട്ടി വീതം കുറവാണ്. എങ്കിൽ ആ സ്കൂളിലെ 1-ാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണമെത്രയായിരിക്കും? **PQ1/ RS, $33\frac{1}{3}\%$, 80**

a) 24  b) 25
c) 27  d) 28

50. വിട്ടുപോയ സംഖ്യ കണ്ടെത്തുക. 1, 8, 27, ?, 125

a) 36  b) 49
c) 64  d) 100